**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2317 — 09.12.2014-ലെ മറുപടിയ്ക്ക്

## നൻമ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | നൻമ സ്റ്റോറുകളിൽ സബ്സിഡി ഇല്ലാത്തതും ഉപഭോക്താവിന് ആവശ്യമില്ലാത്തതുമായ വസ്തുക്കൾ വാങ്ങാൻ നിർബന്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആയതിനാൽ നൻമ സ്റ്റോറുകളിൽ നിന്നും ഉപഭോക്താക്കൾ അകന്നുപോവുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ചോദ്യം ഉദിക്കുന്നില്ല |
| (സി) | നൻമ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. സാധനങ്ങളുടെ ലഭ്യതയിലുണ്ടായ കാലവിളംബംമൂലം വിൽപ്പന കുറവ് സംഭവിച്ചിട്ടുണ്ട്. |
| (ഡി) | നൻമ സ്റ്റോറുകളിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളവും മറ്റും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥാപനത്തിന്റെ പ്രവർത്തനം | (ഡി) | നന്മ സ്റ്റോറിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിൽപ്പന കുറഞ്ഞ ചില യൂണിറ്റുകളിൽ ജീവനക്കാരുടെ |

| | |
|---|---|
| മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ശമ്പളം താമസിച്ചിട്ടുണ്ട്. എൻ.സി.ഡി.സി അനുവദിച്ചിട്ടുള്ള ഫണ്ട് ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് നന്മ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ